# കേരള സർക്കാർ

## *ജലവിഭവ വകുപ്പ് (ചെറുകിട ജലസേചന വിഭാഗം)*

## ദർഘാസ് പരസ്യം

നമ്പർ. ഡി1/ടിഎൻ/2017-18

തീയതി: 03/04/2018

കേരള ഗവർണ്ണർക്കുവേണ്ടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചെറുകിട ജലസേചന ഉപവിഭാഗം, കാഞ്ഞങ്ങാട് താഴെ പറയുന്ന പ്രവൃത്തിക്ക് (ക്രമ നമ്പർ 01) **18/04/2018** ന് ഉച്ചകഴിഞ്ഞ് **3.00** മണി വരെ നിശ്ചിത യോഗ്യതയുള്ള (ഡി ക്ലാസ്സിലോ അതിനു മുകളിലോ രജിസ്റ്റർ ചെയ്തിട്ടുള്ള) ഈ വകുപ്പിലെ കരാറുകാരിൽ നിന്നും (പൊരുമരാമത്ത് വകുപ്പിലെ എ യും ബി യും ക്ലാസുള്ള) കരാറുകാരിൽ നിന്നും അന്യോന്യം കൈമാറ്റം പാടില്ലാത്തതുമായ ദർഘാസുകൾ സ്വീകരിക്കുന്നതാണ്.

അന്നേദിവസം 3.30 മണിക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാജറുള്ള കരാറുകാരുടെ സാനിദ്ധ്യത്തിൽ ദർഘാസുകൾ തുറക്കുന്നതാണ്. പ്രസ്തുത ദിവസം ഏതെങ്കിലും വിധത്തിൽ അവധി ആയിരുന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം മേൽ വിവരിച്ച സമയത്ത് ദർഘാസുകൾ തുറക്കുന്നതായിരിക്കും.

ദർഘാസുകൾ രജിസ്ട്രേർഡ് തപാൽ, സ്പീഡ് പോസ്റ്റ് എന്നിവ വഴി മാത്രമേ സ്വീകരിക്കുകയുള്ളൂ. കൊറിയർ സർവ്വീസിൽ അയക്കുന്നതോ നേരിട്ട് നൽകുന്നതുമായ ദർഘാസുകൾ സ്വീകരിക്കുന്നതല്ല. തപാൽ തകരാറുമൂലമോ മറ്റോ കാലതാമസം വന്നാൽ ഡിപ്പാർട്ട്മെന്റ് യാതൊരു ഉത്തരവാദിത്തവും ഏറ്റെടുക്കുന്നതല്ല.

| ക്രമ നം | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | നിരത ദ്രവ്യം | ദർഘാസ് പ്രമാണത്തിന്റെ വില | പ്രവൃത്തി തീർക്കേണ്ട കാലാവധി |
|---|---|---|---|---|---|
| 1 | നീലേശ്വരം മുനിസിപ്പാലിറ്റിയിലെ പട്ടേന കഴുതമൂല വിസിബിയുടെ പുനരുദ്ധാരണ പ്രവൃത്തി. | **രൂപ 239156.00** | **രൂപ 60000** | രൂപ 500 + ജി.എസ്.ടി | 30 ദിവസം |

ദർഘാസിനാവശ്യമായ പ്രമാണങ്ങളും മററും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയറുടെ കാര്യാലയത്തിൽ നിന്നും **10.04.2018 മുതൽ 12.04.2018** ഒരു മണിവരെ എല്ലാ പ്രവർത്തി ദിവസങ്ങളിലും പ്രമാണത്തിന്റെ വില **0702-01-800-97-Other receipts** എന്ന ശീർഷകത്തിൽ സെയിൽസ് ടാക്സ് സഹിതം ട്രഷറിയിൽ അടച്ച് ചലാനുകൾ അപേക്ഷയോടൊപ്പം രേഖാമൂലം സമർപ്പിച്ചാൽ ലഭിക്കുന്നതാണ്. ദർഘാസിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന കരാറുകാർ (ലേബർ കോൺട്രാക്ട് സൊസൈററി ഉൾപ്പെടെ) അവരുടെ രജിസ്ട്രേഷൻ സർട്ടിഫിക്കററിന്റെ ഒറിജിനൽ ഹാജറാക്കേണ്ടതാണ്. ലേബർ കോൺട്രാക്ട് സൊസൈററികൾ അവർ ഏററെടുത്തിരിക്കുന്ന പ്രവൃത്തിയുടെ ആകെ അടങ്കൽ തുകയുടെ സർട്ടിഫിക്കററ് അതാത് രജിസ്റ്റാറിൽ നിന്നും വാങ്ങി ദർഘാസ് ഫോറത്തിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്നതും ആവശ്യമായ നിരതദ്രവ്യം കെട്ടിവെയ്ക്കാത്തതുമായ ദർഘാസുകൾ നിരസിക്കുന്നതാണ്.

ദർഘാസിനൊപ്പം കരാറുകാർ 200/- (ഇരുന്നൂറ്) രൂപയുടെ മുദ്ര കടലാസിൽ പ്രാഥമിക ഉടമ്പടികൾ ടൈപ്പ് ചെയ്ത് സമർപ്പിക്കേണ്ടതാണ്. കേരള കെട്ടിട നികുതി ക്ഷേമനിധിയിലേക്കുള്ള രജിസ്ട്രേഷൻ ഫീസ് അടച്ച കരാറുകാർക്ക് മാത്രമേ ദർഘാസ് ഫോറങ്ങൾ ലഭിക്കുകയുള്ളൂ.

പൊതുമരാമത്ത് വകുപ്പിലെ ദർഘാസിനെ സംബന്ധിച്ച മറ്റെല്ലാ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമാണ്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയം,
ചെറുകിട ജലസേചന ഉപവിഭാഗം,
കാഞ്ഞങ്ങാട്, കാസർഗോഡ്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ,
ചെറുകിട ജലസേചന ഉപവിഭാഗം, കാഞ്ഞങ്ങാട്
(കേരള ഗവർണ്ണർക്കു വേണ്ടി)

1. പകർപ്പ് കാസറഗോഡ് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ അറിവിലേക്കായി അയക്കുന്നു.
2. പകർപ്പ് ഈ സബ് ഡിവിഷനു കീഴിലുള്ള എല്ലാ അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും അറിവിലേക്കായി
3. പകർപ്പ് ഈ ഓഫീസിലെ ഹെഡ്ക്ലാർക്കിന്.
4. പകർപ്പ് പി.ഡബ്ല്യൂ.ഡി റോഡ്സ് സബ്ഡിവിഷൻ, കാഞ്ഞങ്ങാടിനു അയക്കുന്നു.
5. പകർപ്പ് ഇറിഗേഷൻ സബ് ഡിവിഷൻ കാഞ്ഞങ്ങാടിനു അയക്കുന്നു.
6. പകർപ്പ് നോട്ടീസ് ബോർഡിലേക്ക്.
7. ഫയൽ.